# Deepika
# 12 August 2018
# Alappuzha, Road Damage, Rain Havoc, 4000 Crore

## ₹4000 കോടി റോഡ് തകർന്നു നഷ്ടം

**ആലപ്പുഴ:** മഴക്കെടുതിയിൽ റോഡുകൾ തകർന്ന് നാലായിരം കോടി രൂപയുടെ ബാധ്യതയാണ് പൊതുമരാമത്ത് വകുപ്പിന് ഉണ്ടായതെന്ന് പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ. ആലപ്പുഴയിലെ ചങ്ങനാശേരി മുക്കിൽ നിന്നു നാലുകിലോമീറ്റർ സഞ്ചരിച്ചപ്പോൾ എസി റോഡിൽ 644 കുഴികൾ എണ്ണിക്കഴിഞ്ഞിരുന്നു. റോഡ് ഏതു രീതിയിൽ പുനർനിർമിക്കണം എന്നതു സംബന്ധിച്ച് 16നകം റിപ്പോർട്ട് നൽകാൻ കെഎസ്ടിപി അധികൃതരോട് മന്ത്രി ആവശ്യപ്പെട്ടു.

മന്ത്രിയും കളക്ടർ എസ്. സുഹാസും പൊതുമരാമത്ത് വകുപ്പിലെയും കെഎസ്ടിപിയിലെയും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘമാണ് എസ്ഡി കോളജ് മുതൽ ചങ്ങനാശേരി വരെയുള്ള റോഡിൽ പരിശോധന നടത്തിയത്.

ഒന്നര വർഷമെങ്കിലും നിലനിൽക്കുന്ന വിധത്തിൽ റോഡ് സഞ്ചാരയോഗ്യമാക്കും. ഇതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയാറാക്കാനും അദ്ദേഹം ഉദ്യോഗസ്ഥർക്കു നിർദേശം നല്കി.